I. ഇ.ബി. XV-കേരള നിയമസഭ/XVI-8

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഫെബ്രുവരി 03, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 09.39-ന് നിർത്തിവച്ച സഭ 10.00 മണിക്ക് പുനരാരംഭിച്ചു.)

(ശബരിമല സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട അന്വേഷണം വഴിമുട്ടി നിൽക്കുകയാണെന്നും എസ്.ഐ.ടി. നോക്കുകുത്തിയായിരിക്കുകയാണെന്നും ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ശബരിമല സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടക്കുന്ന അന്വേഷണത്തെ വ്യാജപ്രചാരണങ്ങളിലൂടെ അട്ടിമറിക്കാനും അന്വേഷണ ഗതി തിരിച്ചുവിടാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ സഭ രാവിലെ 10.09-ന് നിർത്തിവയ്ക്കുകയും 10.35-ന് പുനരാരംഭിക്കുകയും ചെയ്തു.)

(പ്രതിപക്ഷ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവയുടെ മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിക്കുകയും കാര്യവിവരപട്ടികയിലെ അടുത്ത ഇനത്തിലേക്ക് കടക്കുകയും ചെയ്തു.)

(പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ മുഖം മറയത്തക്കവിധം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിക്കുകയും ഡയസ്സിലേക്ക് അതിക്രമിച്ച് കയറാൻ ശ്രമിക്കുകയും

ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഡയസ്സിലേക്ക് അതിക്രമിച്ചുകയറുന്നത് ശരിയായ നടപടിയല്ല. ചെയറിന്റെ മുഖം മറച്ചുകൊണ്ട് ബാനർ പിടിക്കുന്നത് ജനാധിപത്യാവകാശങ്ങൾ ധ്വംസിക്കലാണ്.

പ്രതിപക്ഷ നേതാവ്(ശ്രീ. വി. ഡി. സതീശൻ): ശബരിമല സ്വർണ്ണപ്പാളി വിഷയവുമായി ബന്ധപ്പെട്ട കേസ്സിൽ തൊണ്ടിമുതൽ കണ്ടെടുക്കാത്തതും ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ വൈകുന്നതും കുറ്റപത്രം സമർപ്പിക്കുന്നതിന് തടസ്സമാകുകയും ജാമ്യം ലഭിച്ച പ്രതികൾ തെളിവുകൾ നശിപ്പിച്ച് കേസ്സിൽനിന്ന് രക്ഷപ്പെടുന്നതിന് സഹായകരമാകുകയും ചെയ്യും. പ്രതിഷേധ സമയത്ത് ബാനർ ഉയർത്തിക്കാണിക്കുന്നത് സ്വാഭാവികമാണ്. സഭയിൽ സംഘർഷമുണ്ടാകുമ്പോൾ സഭാനടപടികൾ നിർത്തിവച്ച് കക്ഷിനേതാക്കളുമായി ചർച്ച ചെയ്യുന്ന കീഴ്‌വഴക്കം സ്പീക്കർ ലംഘിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എസ്.ഐ.ടി. അന്വേഷണത്തിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പൂർണ്ണ തൃപ്തി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ജാമ്യാപേക്ഷ കൈകാര്യം ചെയ്യുന്ന സിങ്കിൾ ബെഞ്ചിന്റെ നിരീക്ഷണം ഗവൺമെന്റിന് അനുകൂലമാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷം ബോധപൂർവം സംഘർഷമുണ്ടാക്കാൻ ശ്രമിക്കുകയാണ്. സഭയിൽ നടന്ന സംഭവങ്ങൾ അപലപനീയമാണ്.

**I മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**II റിപ്പോർട്ട് സമർപ്പണം**

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**III ധനകാര്യം**

2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. കെ. വി. സുമേഷ്: ബജറ്റിനെ അനുകൂലിക്കുന്നു. നഗരാസൂത്രണം മുന്നിൽക്കണ്ടും പരമ്പരാഗതമേഖലയെ സസൂക്ഷ്മം വിലയിരുത്തിയും ആധുനികവൽക്കരണത്തിന്

സഹായകമാകുന്ന കാഴ്ചപ്പാടുകളാണ് ബജറ്റിൽ മുന്നോട്ടുവച്ചിട്ടുള്ളത്. കേരളത്തെ ഇന്ത്യക്കും ലോകത്തിനും മാതൃകയായ സംസ്ഥാനമായി മാറ്റിയെടുക്കാൻ സർക്കാർ നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. ലൈബ്രേറിയൻമാർ, അങ്കണവാടി ജീവനക്കാർ, ആശാ വർക്കർമാർ, പാചകത്തൊഴിലാളികൾ തുടങ്ങി സമൂഹത്തിന്റെ അടിസ്ഥാനതലത്തിലുള്ളവരെ ചേർത്തുപിടിക്കുന്ന സമഗ്ര വികസന നയം ബജറ്റിൽ കാണാൻ കഴിയും. സംസ്ഥാനത്ത് നഗരാസൂത്രണ ഡിസൈൻ കൗൺസിൽ രൂപീകരിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. പി. എസ്. സുപാൽ</u>: ബജറ്റിനെ അനുകൂലിക്കുന്നു. നവ കേരള സൃഷ്ടിക്കായി സമസ്ത മേഖലകളുടെയും വികസനം ഉറപ്പാക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കായും തൊഴിലുറപ്പ് പദ്ധതിക്കായും തുക വകയിരുത്തിയതും അങ്കണവാടി വർക്കർമാരുടെയും ആശാ പ്രവർത്തകരുടെയും ഓണറേറിയവും കാൻസർ രോഗബാധിതർ അടക്കമുള്ളവരുടെ പ്രതിമാസ പെൻഷനും വർധിപ്പിച്ചതും ശ്ലാഘനീയമാണ്. സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഓട്ടോറിക്ഷാ-ടാക്സി, ലോട്ടറി തൊഴിലാളികൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്നും ബിരുദതലംവരെ വിദ്യാഭ്യാസം സൗജന്യമാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സർക്കാരിന്റെ ഇച്ഛാശക്തിക്കുള്ള തെളിവാണ്. ശബരിമല മാസ്റ്റർ പ്ലാൻ, ക്ലീൻ പമ്പ എന്നീ പദ്ധതികൾക്കായി ബജറ്റിൽ തുക വകയിരുത്തിയത് പ്രശംസനീയമാണ്. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കാനും തോട്ടം മേഖലയിലെ ശമ്പള വർധനവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്താനും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആർ.പി.എൽ.-ലെ തൊഴിലാളികളെ സ്ഥിരപ്പെടുത്താനും കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യം, സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെയും ജീവനക്കാരുടെയും വേതന കുടിശ്ശിക, കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ ഡി.എ. കുടിശ്ശിക എന്നിവ നൽകാനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ബജറ്റിനെ അനുകൂലിക്കുന്നു. പുതിയ നികുതി നിർദേശങ്ങളില്ലാതെ സമസ്ത ജനവിഭാഗങ്ങളുടെയും ഉന്നമനം ലക്ഷ്യം വയ്ക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയും ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ ഓണറേറിയം വർധിപ്പിച്ചതും അഭിനന്ദനാർഹമാണ്. ശബരി ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ട് യാഥാർത്ഥ്യമാക്കുന്നതിനും മലയോര മേഖലയുമായി ബന്ധപ്പെട്ട പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈരാറ്റുപേട്ട-തൊടുപുഴ

(കളത്തുക്കടവ്-മുട്ടം) തുരങ്കപാത സംബന്ധിച്ച് സാധ്യതാ പഠനം നടത്തണം.

ശ്രീ. സി. എച്ച് കുഞ്ഞമ്പു: ബജറ്റിനെ അനുകൂലിക്കുന്നു. ആധുനികവും വികസിതവുമായ കേരളം പടുത്തുയർത്തുന്നതിന് വേഗതയും കരുത്തും പകരുന്നതും തൊഴിലാളികൾ മുതൽ സർക്കാർ ജീവനക്കാർ വരെയുള്ള സമസ്ത ജനവിഭാഗങ്ങളെയും ചേർത്തുപിടിക്കുന്നതുമായ ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. നികുതി-നികുതിയേതര വരുമാനം പരമാവധി വർധിപ്പിച്ച് വികസനപാതയിൽ ആത്മവിശ്വാസത്തോടെ സംസ്ഥാനം മുന്നേറുകയാണ്. ഡിഗ്രിതലം വരെ സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കിയ ഏക സംസ്ഥാനമാണ് കേരളം. ന്യൂനപക്ഷ വിദ്യാർഥികൾക്ക് വിദേശ പഠന സ്കോളർഷിപ്പും ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാർഥികൾക്ക് ഇൻഷ്വറൻസും ഏർപ്പെടുത്തിയത് വിദ്യാഭ്യാസ രംഗത്തെ നൂതന ഇടപെടലുകളാണ്. 2500 കോടി രൂപയുടെ ബജറ്റ് വിഹിതം അനുവദിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സംവിധാനങ്ങളും ശക്തിപ്പെടുത്തിയത് ശ്രദ്ധേയമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 14,500 കോടി രൂപ വകയിരുത്തിയതും സ്ത്രീ സുരക്ഷാ പെൻഷൻ അനുവദിച്ചതും ആശാ പ്രവർത്തകരുടെയും അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർധിപ്പിച്ചതും സ്വാഗതാർഹമാണ്. ലോക ടൂറിസം ഭൂപടത്തിൽ സുപ്രധാന സ്ഥാനമുള്ള ബേക്കലിൽ എയർസ്ട്രിപ് പദ്ധതി പ്രാവർത്തികമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. കേരളം കരുത്തുറ്റ സമ്പദ്‌വ്യവസ്ഥയായി മുന്നേറുകയാണ്. തൊഴിലുറപ്പ് പദ്ധതിയെ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകാനുള്ള ഉറച്ച നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കായി തനത് വർഷം 14,500 കോടി രൂപ ബജറ്റിൽ വകയിരുത്തിയത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിനകത്തുതന്നെ മികച്ച വിദ്യാഭ്യാസവും തൊഴിലവസരങ്ങളും ലഭ്യമാക്കുന്ന വിപ്ലവാത്മക പദ്ധതികൾ ബജറ്റിൽ നിർദേശിച്ചിരിക്കുന്നത് കാലോചിതമായ ഇടപെടലാണ്. അടിസ്ഥാനസൗകര്യ വികസനരംഗത്ത് കിഫ്ബി മുഖേന സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്.

ശ്രീ. കെ. പി. മോഹനൻ: ബജറ്റിനെ അനുകൂലിക്കുന്നു. വികസന ക്ഷേമ പ്രവർത്തനങ്ങൾ മുൻനിർത്തി അവതരിപ്പിച്ച ബജറ്റിനെ സ്വാഗതം ചെയ്യുന്നു. ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതി, വിഴിഞ്ഞം തുറമുഖം, ദേശീയപാത വികസനം, മലയോര-തീരദേശ ഹൈവേകൾ, തുരങ്കപാത

എന്നിവ യാഥാർത്ഥ്യമാക്കിയതും ആരോഗ്യ മേഖലയിൽ കൈവരിച്ച പുരോഗതിയും സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ കൃത്യമായ വിതരണവും സർക്കാരിന്റെ മികവാർന്ന നേട്ടങ്ങളാണ്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ആശാ വർക്കർമാരുടെയും ഓണറേറിയം വർധിപ്പിച്ചതും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള ലൈബ്രേറിയന്മാരുടെ അലവൻസ് വർധിപ്പിച്ചതും സ്വാഗതാർഹമാണ്. കുടുംബശ്രീ ചെയർപേഴ്സൺമാരുടെ ഓണറേറിയം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കൂത്തുപറമ്പിൽ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനും വ്യവസായ പാർക്കിന് സ്ഥലമേറ്റെടുക്കുന്നതിനും ജെൻഡർ കോംപ്ലക്സ് രണ്ടാംഘട്ടം, കെ.ജി. സുബ്രഹ്മണ്യ സ്മാരക സമുച്ചയം, വാഗ്ഭടാനന്ദ സമുച്ചയം എന്നിവയുടെ നിർമ്മാണത്തിനും പെരിങ്ങത്തൂർ-കിടഞ്ഞി തീരദേശ റോഡ്, ചെറുവാഞ്ചേരി സ്റ്റേഡിയം വിപുലീകരണം, പാനൂർ സിവിൽ സ്റ്റേഷൻ രണ്ടാംഘട്ടം, കൂത്തുപറമ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ പുതിയ ബ്ലോക്ക് രണ്ടാംഘട്ടം എന്നിവയ്ക്കും തുക വകയിരുത്തണം.

ശ്രീ. പി. നന്ദകുമാർ: ബജറ്റിനെ അനുകൂലിക്കുന്നു. ആഭ്യന്തര വരുമാന സ്രോതസ്സ് വർധിപ്പിച്ച് ഇച്ഛാശക്തിയോടെ മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. സാധാരണക്കാരെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതും ക്ഷേമ പദ്ധതികളും സുസ്ഥിര വികസനവും ലക്ഷ്യംവയ്ക്കുന്നതുമായ ബജറ്റിനെ സ്വാഗതം ചെയ്യുന്നു. കേരളത്തെ ദരിദ്രരില്ലാത്ത സംസ്ഥാനമാക്കുന്നതിനാണ് ബജറ്റിലൂടെ സർക്കാർ ശ്രമിക്കുന്നത്. സാമൂഹ്യസുരക്ഷ, സ്ത്രീ സുരക്ഷ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കൂടുതൽ തുക വകയിരുത്താൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. നവകേരള നിർമ്മിതിക്ക് കുതിപ്പേകാൻ കഴിയുന്ന നിർദേശങ്ങളാണ് ബജറ്റിലുള്ളത്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും സർവീസ് പെൻഷൻകാർക്കുമുള്ള ഡി.എ./ഡി.ആർ. കുടിശ്ശിക അനുവദിക്കുന്നതിനും സ്റ്റാമ്പ് വെണ്ടർമാരുടെ വില്പനപരിധി വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക ഉപരോധത്തിനിടയിലും സമസ്ത ജനവിഭാഗങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കി അവതരിപ്പിച്ചിട്ടുള്ള ബജറ്റാണിത്. തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പുതുക്കാട് നിയോജകമണ്ഡലത്തിൽ വിവിധ മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നത് അഭിനന്ദനാർഹമാണ്.

ശ്രീ. പി. പി. സുമോദ്: ബജറ്റിനെ അനുകൂലിക്കുന്നു. ജനപ്രിയ ബജറ്റാണ് ധനകാര്യ

വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്കുള്ള ലംപ്സം ഗ്രാന്റും സ്റ്റൈപന്റും എസ്.സി. പ്രൊമോട്ടർമാരുടെ വേതനവും കാലോചിതമായി വർധിപ്പിക്കണം. സഹകരണ ബാങ്കുകൾ വഴി നെല്ല് സംഭരണം നടപ്പിലാക്കാനും ഇതിനായി പാലക്കാട് ജില്ലയിൽ രൂപീകരിച്ച കർമ്മസേനയുടെ പൈലറ്റ് പദ്ധതി ഈ മാസം തന്നെ പ്രാവർത്തികമാക്കാനും നടപടി സ്വീകരിക്കണം. തരൂർ നിയോജകമണ്ഡലത്തിൽ സ്റ്റേഡിയങ്ങളും ഗ്രൗണ്ടുകളും വികസിപ്പിക്കുന്നതിന് തുക വകയിരുത്തിയതും പാലങ്ങൾ നിർമ്മിച്ചതും റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയതുമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീമതി ഒ. എസ്. അംബിക</u>: ബജറ്റിനെ അനുകൂലിക്കുന്നു. മലയോര ഹൈവേയുടെയും ദേശീയപാതകളുടെയും വികസനം യാഥാർഥ്യമാക്കാൻ സാധിച്ചതും ആരോഗ്യമേഖല സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് തുക വകയിരുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർധിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് അടിസ്ഥാന സൗകര്യവികസന രംഗത്തും ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലും സർക്കാർ നടപ്പിലാക്കിവരുന്നത്. വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കണം. വടക്കാഞ്ചേരി കൾച്ചറൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ തുക അനുവദിച്ചതും പൊതുമരാമത്ത് റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ സാധിച്ചതും രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചതും ചൂലിശ്ശേരിയിലെ നവീകരിച്ച പോൾ കാസ്റ്റിങ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചതും മുളങ്കുന്നത്തുകാവിൽ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: ബജറ്റിനെ അനുകൂലിക്കുന്നു. തനത് നികുതി വരുമാനം വർധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വികസനത്തിന് ആക്കംകൂട്ടുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സമസ്ത ജനവിഭാഗങ്ങൾക്കും ഗുണകരമായ പദ്ധതികളാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. തിരുവനന്തപുരം നഗരവികസനത്തിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ളത് സ്വാഗതാർഹമാണ്. കേരള സ്റ്റേറ്റ് ഡിസൈൻ പോളിസി നടപ്പിലാക്കുന്നതിന്

കൂട്ടുതൽ തുക വകയിരുത്തണം.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തിലെത്താനായതും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാനായതും സംവരണം പാലിച്ച് നിയമനങ്ങൾ നടത്താനായതും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനായതും അതിദരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കാനായതും സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്. ആരോഗ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിനും ചികിത്സാ ധനസഹായം നൽകുന്നതിനും വിദ്യാഭ്യാസ മേഖലയിൽ ഭൗതിക സാഹചര്യമൊരുക്കുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്കും ആശാ വർക്കർമാർക്കും പാചകത്തൊഴിലാളികൾക്കുമുള്ള ധനസഹായം വർധിപ്പിക്കാനും മുസിരിസ് പൈതൃക പദ്ധതിയെ പ്രത്യേക പാക്കേജിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. മലയോര ഹൈവേ, കോന്നി മെഡിക്കൽ കോളേജ്, നിലയ്ക്കൽ കുടിവെള്ള പദ്ധതി എന്നിവ യാഥാർത്ഥ്യമാക്കിയതും കോന്നി നിയോജകമണ്ഡലത്തിലെ ശോചനീയാവസ്ഥയിലായിരുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കി ആധുനിക നിലവാരത്തിലേക്കെത്തിച്ചതും അച്ചൻകോവിലാറിന് കുറുകെ മൂന്ന് പാലങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും അഭിനന്ദനാർഹമാണ്.

(സഭ ഉച്ചയ്ക്കുശേഷം 1.09-ന് പിരിഞ്ഞു.)

******